# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ആഗസ്റ്റ് 1-ാം തീയതി വ്യാഴാഴ്ച

(ആകെ ചോദ്യങ്ങൾ -30)

**(754) അഡ്ഹോക് ബോണസ്/ഫെസ്റ്റിവൽ അലവൻസ് തുക വർദ്ധിപ്പിക്കുന്നതിന് നടപടി**
**(755) സാംസ്കാരിക അക്കാഡമികളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും**
**(756) സ്വാഭാവിക വനം രൂപപ്പെടുത്തിയെടുക്കാൻ പദ്ധതി**
**(757) നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക നടപടികൾ**
**(758) നികുതി പിരിവിന്റെ ടാർജറ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം**
**(759) പാൽ വിതരണത്തിന് മിൽമയുടേയും മദർഡയറിയുടേയും പുതിയ മാർക്കറ്റിംഗ് കമ്പനി**
**(760) ഓണം ഫെയർ**
**(761) വിത്ത് നയം**
**(762) ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിലെ കാലതാമസം ഒഴിവാക്കാൻ നടപടി**
**(763) എക്സൈസ് വകുപ്പ് നവീകരണം**
**(764) സ്പോർട്ട്സിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പാക്കിയ പദ്ധതികൾ**
**(765) പട്ടയഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**
**(766) കേന്ദ്ര സർക്കാരിന്റെ കയറ്റുമതി നയവും സംസ്ഥാനത്ത് നിന്നുള്ള കയറ്റുമതിയും**
**(767) കാർഷികമേഖലയിൽ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് പദ്ധതി**
(768) **നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത**
**(769) തെങ്ങുകൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ**
**(770) ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള വിവധതരം ലോട്ടറി വിൽപ്പന നിയന്ത്രിക്കുന്നതിന് നടപടി**
**(771) സിവിൽസപ്ലൈസ് കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ**
(772) **പയറ്, തുവപ്പരിപ്പ്, കടല എന്നിവയുടെ ഉൽപാദനം**
**(773) വിൽപ്പന നികുതി ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന കേസുകളിൻമേൽ അദാലത്ത് വഴി തീരുമാനമെടുക്കുവാൻ നടപടി**
(774) **സാമൂഹ്യ സുരക്ഷിതത്വ നടപടികൾ**
(775) **അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ**
**(776) ടെണ്ടർ വിളിക്കാതെയുള്ള റബ്ബർ കയറ്റുമതി**
**(777) കാർഷിക ഉല്പന്നങ്ങളുടെ ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പഠനം**
**(778) വംശനാശ ഭീഷണി നേരിടുന്ന വന്യജീവികൾ**
**(779) ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിനാവശ്യമായ ക്രമീകരണങ്ങൾ**
(780) **എം.എൽ.എ.മാരുടെ വികസന ഫണ്ടിന്റെ വിനിയോഗം**
**(781) വനം വകുപ്പുമായി ബന്ധപ്പെട്ട വിനോദസഞ്ചാരം**
**(782) സംസ്ഥാന ലോട്ടറി നവീകരിക്കാൻ നടപടി**
**(783) കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രദർശന വിൽപ്പന ശാലകൾ**

### അഡ്ഹോക് ബോണസ്/ഫെസ്റ്റിവൽ അലവൻസ് തുക വർദ്ധിപ്പിക്കുന്നതിന് നടപടി

754. ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്ററീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ഓണക്കാലത്ത് നൽകുവരുന്ന അഡ്ഹോക് ബോണസ്/ഫെസ്റ്റിവൽ അലവൻസ് തുക വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ എത്ര ശതമാനം ജീവനക്കാർക്കാണ് അഡ്ഹോക് ബോണസ് ലഭിക്കുന്നതെന്നറിയിക്കാമോ;

(സി) വളരെ കുറച്ചു ജീവനക്കാർക്കുമാത്രം ബോണസ് ലഭിക്കുന്ന സാഹചര്യത്തിൽ അഡ്ഹോക് ബോണസിന്റെ പരിധി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) ഇക്കാര്യത്തിൽ തീരുമാനമൊന്നും ആയിട്ടില്ല.

(ബി) 27% പേർക്കാണ് ലഭിക്കുന്നത്.

(സി) തീരുമാനിച്ചിട്ടില്ല.

## സാംസ്കാരിക അക്കാഡമികളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും

755. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം മുരളി
ശ്രീ. എ. കെ. മണി :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആഭിമുഖ്യത്തിൽ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എത്ര അക്കാഡമികൾ സംസ്ഥാനത്തുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഏതു വർഷം വരെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ട്;

(സി) ഇവയുടെ പ്രവർത്തന റിപ്പോർട്ടും കണക്കും സഭയുടെ മേശപ്പുറത്തു വയ്ക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) നിയമസഭ വോട്ടുചെയ്ത് തുകയനുവദിക്കുന്ന ഈ സ്ഥാപനങ്ങളുടെ പ്രവർത്തനറിപ്പോർട്ടും കണക്കും സഭയുടെ മേശപ്പുറത്തു വയ്ക്കുവൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി) :-**

(എ) 6 എണ്ണം

(ബി) 2000-2001 വർഷം വരെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അക്കാഡമികൾ, ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് 1955 പ്രകാരം രജിസ്റ്റർ ചെയ്തവയാണ്. ഇവയുടെ പ്രവർത്തന റിപ്പോർട്ടും കണക്കും സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണെന്ന് ഈ ആക്റ്റിൽ പറയുന്നില്ല.

## സ്വാഭാവിക വനം രൂപപ്പെടുത്തിയെടുക്കാൻ പദ്ധതി

756. ശ്രീ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുഭൂമികളിൽ മരം വച്ചുപിടിപ്പിച്ച് വനവൽക്കരിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) വ്യാവസായിക ആവശ്യത്തിന് മരം വച്ചുപിടിപ്പിക്കുന്ന പ്ളാന്റേഷൻ പദ്ധതി വനം വകുപ്പ് ഏറ്റെടുത്തു നടത്തുന്നുണ്ടോ;

(സി) സ്വാഭാവിക വനവും മഴക്കാടുകളും, കൈയ്യേറ്റം മൂലവും പ്ലാന്റേഷൻമൂലവും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

പരിസ്ഥിതിക്ക് ഹാനികരമായ വനശോഷണം തടയുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ചോലക്കാടകളും, മഴക്കാടുകളും നിലനിന്നിരുന്ന മേഖലകൾ കണ്ടെത്തി അവിടെ സ്വാഭാവിക വനം രൂപപ്പെടുത്തിയെടുക്കാനുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>**ഉത്തരം**</u>

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സ്വാഭാവിക വനവും മഴക്കാടുകളും നഷ്ടപ്പെടുന്നില്ല. പരിസ്ഥിതിക്ക് ഹാനികരമായ സ്വഭാവിക വനശോഷണം തടയുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) ചോലക്കാടുകളും മഴക്കാടുകളും ഫലപ്രദമായി സംരക്ഷിച്ചുവരുന്നു. സ്വാഭാവിക വനങ്ങൾ പ്രകൃതിയുടെ സൃഷ്ടിയാണ് മനുഷ്യപ്രയത്നം കൊണ്ട് രൂപപ്പെടുത്തിയെടുക്കുവാനാവുന്നതല്ല.

## നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക നടപടികൾ

757. ശ്രീ. ടി. പി.എം. സാഹിർ :

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>**ഉത്തരം**</u>

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) 2002-2002 സാംപത്തിക വർഷത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിൽ 1200 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നു. 877.74 കോടി രൂപയാണ് നിക്ഷേപമായി സമാഹരിച്ചത്. 2002-2003 സാംപത്തിക വർഷത്തിൽ 4580 കോടി രൂപ മൊത്ത നിക്ഷേപമായും 1825 കോടി രൂപ മിച്ചനിക്ഷേപമായും സ്വരൂപീക്കാൻ വേണ്ട ഊർജ്ജിത നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനായി ഒരു കർമ്മ പരിപാടി നടപ്പാക്കി വരുന്നു. ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിക്ഷേപകർക്ക് 25-5-2002 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.325/2002/ധന പ്രകാരം ഭാഗ്യ സമ്മാന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകൾ, ട്രസ്റ്റുകൾ, സ്കൂൾ സഞ്ചയികകൾ എന്നിവയിൽ നിന്നുള്ള നിക്ഷേപങ്ങൾക്ക് 17-7-2002 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3848/2002/ധന പ്രകാരം മുൻകാലങ്ങളിലെ പോലെ ക്യാഷ് ഇൻസെന്റീവ് തുടർന്നും നൽകുന്നുണ്ട്. സ്കൂൾ സഞ്ചയികയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെ ഏകദേശം 100 കോടി രൂപ അധികമായി സമാഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഓരോ ജില്ലയിലും ദേശീയ സംപാദ്യ പദ്ധതി വഴിയുള്ള ധനസമാഹരണത്തിന് മേൽനോട്ടം വഹിക്കുന്നതിനായി 25-6-2002-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നംപർ 3373/2002/ധന പ്രകാരം വകുപ്പ് സെക്രട്ടറിമാർക്ക് ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ സംപാദ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തുകയും വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്.

## നികുതി പിരിവിന്റെ ടാർജറ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

758. ശ്രീ. എ. സുജനപാൽ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ സാമ്പത്തിക വർഷവും പിരിക്കേണ്ട വിൽപ്പന നികുതിയുടെ ടാർജറ്റ് കാലേകൂട്ടി നിശ്ചയിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ മുൻവർഷത്തെക്കാൾ എത്ര ശതമാനം കൂട്ടിയാണ് അടുത്ത വർഷത്തെ ടാർജറ്റ് സാധാരണയായി നിശ്ചയിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കാലേകൂട്ടി നികുതി പിരിവിന്റെ ടാർജറ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) സാധനങ്ങളുടെ വില വർദ്ധനയുടെ പേരിൽ നികുതി പിരിവ് എത്ര ശതമാനം വർദ്ധിക്കുമെന്നാണ് മുൻകൂട്ടി നിശ്ചയിക്കാറുള്ളത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) ഓരോ വർഷത്തെയും ടാർജറ്റ് നിശ്ചയിക്കുംപോൾ മുൻ വർഷത്തെക്കാൾ നിശ്ചിത ശതമാനം വർധനവ് വരുത്തുക പ്രയോഗികമല്ല. ഓരോ വർഷത്തേയും സാംപത്തിക സ്ഥിതിയും മുൻവർഷത്തെ യഥാർത്ഥ നികുതി പിരിവും അടിസ്ഥാനമാക്കിയാണ് ടാർജ്റ്റ് നിശ്ചിക്കുന്നത്.

(സി) തൊട്ടുമുൻ സാംപത്തിക വർഷത്തിലെ വിൽപ്പന നികുതി പിരിവിന്റെ ടാർജറ്റ് യഥാർത്ഥത്തിൽ പിരിച്ചെടുത്ത തുക വിപണന രംഗത്ത് സംസ്ഥാനത്ത് മൊത്തത്തിലുള്ള സാംപത്തിക സ്ഥിതി ഇവയുടെ അടിസ്ഥാനത്തിലാണ് ഓരോ വർഷത്തെയും വിൽപ്പന നികുതി പിരിവിന്റെ ടാർജറ്റ് നിശ്ചയിക്കുന്നത്.

(ഡി) സാധനങ്ങളുടെ വില വർദ്ധന മുൻകൂടി അറിയാൻ സാധിക്കുകയില്ല. അതിനാൽ വിലവർദ്ധനവ് പ്രതീക്ഷിച്ച് വിൽപ്പന നികുതി പരിവിന്റെ ടാർജറ്റ് നിശ്ചയിക്കാൻ കഴിയില്ല.

## <u>പാൽ വിതരണത്തിന് മിൽമയുടേയും മദർഡയറിയുടേയും പുതിയ മാർക്കറ്റിംഗ് കമ്പനി</u>

759. ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. തോമസ ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽവിപണനത്തിന് മിൽമയുടേയും മദർഡയറിയുടേയും കൂട്ടുസംരംഭമായി പുതിയ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) ഇപ്രകാരമൊരു കൂട്ടുസംഭരണം ആരംഭിക്കുന്നതോടെ പാൽ വിപണനത്തിൽ ബഹുരാഷ്ട്രകുത്തകകളോട് എത്രമാത്രം കിടപിടിക്കുവാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

**ഉത്തരം**

**ശ്രീമതി. കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) ആലോചിക്കുന്നുണ്ട്.

(ബി) ദേശീയ ക്ഷീര വികസന ബോർഡ് രൂപം നൽകിയിരിക്കുന്ന പദ്ധതിയനുസരിച്ച് ദേശീയ ക്ഷീര വികസന ബോർഡിന്റെ ഉപസ്ഥാപനമായ മദർ ഡയറി ഫുഡസ് ലിമിറ്റഡിന് 51% ഓഹരി പങ്കാളിത്തവും സംസ്ഥാന ക്ഷീര വിപണന ഫെഡറേഷന് 49% ഓഹരി പങ്കാളിത്തവും ഉള്ള ഒരു പുതിയ കൂട്ടുസംരംഭം തുടങ്ങുന്നതിനെപ്പറ്റിയുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഈ നിർദ്ദേശം മൂന്നു മേഖലാ യൂണിയനുകളുടെ ഭരണസമിതി ചർച്ച ചെയ്തു വരികയാണ്. മിൽമയുടെ മേഖലാ യൂണിയനുകൾ സംഭരിച്ച് സംസ്കരിച്ചു നൽകുന്ന പാലും പാലുല്പന്നങ്ങളും വിപണനം നടത്തുന്നത് ഈ കൂടുസംരംഭം വഴിയായിരിക്കും.

(സി) മദർഡയറി ഫുഡ്സിന്റെ നൂതന വിപണന തന്ത്രങ്ങളും മുതൽമുടക്കിനുള്ള സാംപത്തിക ശേഷിയും സാംകേതിക പരിജ്ഞാനവും സംസ്ഥാനത്ത് മിൽമ ബ്രാന്റിനുള്ള ജനപ്രീതിയും സംയോജിപ്പിക്കുക വഴി ബഹുരാഷ്ട്രകുത്തകകളുമായി കിടപിടിക്കുവാൻ കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്.

## ഓണം ഫെയർ

760. ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം ഫെയർ സംഘടിപ്പിക്കുന്നതിന് സംസ്ഥാനത്ത് സിവിൽസപ്ലൈസ് കോർപ്പറേഷൻ എല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സിവിൽസപ്ലൈസ് കോർപ്പറേഷൻ ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പൊതു വിപണിയിലേതിനേക്കാൾ എത്ര ശതമാനം വില കുറച്ചാണ് ഭക്ഷ്യധാന്യങ്ങൾ വാങ്ങിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കടല പരിപ്പ് തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾ വാങ്ങിയത് പൊതുവിപണിയേക്കാൾ കൂടുതൽ വിലയ്ക്കാണ് എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ;

ഇ) ഓണക്കാലത്ത് വിതരണം ചെയ്യുന്നതിനായി ഭക്ഷ്യധാന്യങ്ങൾ എവിടെ നിന്നാണ് വാങ്ങിയതെന്ന് വ്യക്തമാക്കുമോ; മൊത്തം എന്തു തുകയുടെ ഭക്ഷ്യധാന്യങ്ങൾ വാങ്ങിച്ചു;

(എഫ്) കമ്പോള ഇടപെടലിന്റെ ഭാഗമായി കോർപ്പറേഷൻ നേരിട്ടാണോ ഭക്ഷ്യധാന്യങ്ങൾ വാങ്ങിച്ചത് എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയനൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) :-**

(എ) സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ കീഴിൽ 2-8-2002 മുതൽ 19 ദിവസക്കാലം കേരളത്തിലെ കോർപ്പറേഷൻ നഗരങ്ങളായ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ 5 ഓണം മെട്രോ ഫെയറുകളും 14-8-2002 മുതൽ 7 ദിവസം മറ്റ് ജില്ലാകേന്ദ്രങ്ങളിൽ ജില്ലാ ഫെയറുകളും 6-8-2002 മുതൽ 5 ദിവസം 64 താലൂക്ക്/മുനിസിപ്പൽ കേന്ദ്രങ്ങളിൽ ഓണച്ചന്തകളും നടത്താനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റേഷൻകടകളിലൂടെയും സഹകരണ സംഘങ്ങളിലൂടെയും സർക്കാർ സബ്സിഡിയോടു കൂടി പലവ്യഞ്ജനങ്ങൾ വില്പന നടത്തുന്നതിനും നടപടി എടുത്തുവരുന്നു.

(ബി) ഉണ്ട്. ജൂലൈ മാസത്തിൽ നീക്കിയിരിപ്പുള്ള 20 കോടിയോളം രൂപയ്ക്കുള്ള സാധനങ്ങൾക്കു പുറമേ, ഏകദേശം 11 കോടി രൂപയുടെ സാധനങ്ങൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ, കൂടുതൽ സാധനങ്ങൾക്ക് ഓർഡർ നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പൊതുവിപണിയിലെ വില, ഉൽപാദന കേന്ദ്രങ്ങളിലെ വില, ഗുണനിലവാരം, കൃത്യമായ അളവ്/തൂക്കം, ട്രാൻസ്പോർട്ടേഷൻ ചാർജ്, നികുതി എന്നിവ കണക്കാക്കിയാണ് സാധനങ്ങളുടെ വില നിശ്ചയിക്കുന്നത്. സാധാരണയായി ഇത് പൊതുവിപണിയിലെ വിലയെക്കാൾ കുറവായിരിക്കും.

(ഡി) പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും ഇത്തരത്തിൽ ചില വാർത്തകൾ വന്നതു കോർപ്പറേഷൻ അന്വേഷിക്കുകയും ഈ ആരോപണം ശരിയല്ല എന്ന് വ്യക്തമാവുകയും ചെയ്തു.

(ഇ) അഖിലേന്ത്യാടിസ്ഥാനത്തിൽ ടെൻഡർ വിളിച്ചാണ് സാധനങ്ങൾ വാങ്ങുന്നത്. സ്റ്റോക്കുള്ള 20 കോടിയോളം രൂപയ്ക്കുള്ള സാധനങ്ങൾക്കു പുറമേ 11 കോടിയോളം രൂപയുടെ സാധനങ്ങൾ ജൂലൈ മാസത്തെ ടെൻഡറിൽ വാങ്ങി. ആഗസ്റ്റ് രണ്ടാം തീയതിയും ടെൻഡർ നിശ്ചയിച്ചിട്ടുണ്ട്. ആ ടെൻഡർ പ്രകാരവും സാധനങ്ങൾ ഓണത്തിനു മുൻപ് എത്തിക്കാൻ സാധിക്കും.

(എഫ്) അല്ല. അഖിലേന്ത്യാടിസ്ഥാനത്തിൽ ടെൻഡർ വിളിച്ച് നെഗോഷിയേറ്റ് ചെയ്ത് കരാറുകാരിൽ നിന്നുമാണ് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയത്.

## വിത്ത് നയം

761. ശ്രീ. എം. കുമാരൻ :
ശ്രീ. ബിനോയ് വിശ്വം :

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യമായ വിത്തിനങ്ങൾ കർഷകന് യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി ഒരു വിത്ത് നയത്തിന് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

**ശ്രീമതി. കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) നയം രൂപീകരിച്ചിട്ടില്ല. എന്നാൽ വിത്തിന്റെ കാര്യത്തിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്.

## <u>ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിലെ കാലതാമസം ഒഴിവാക്കാൻ നടപടി</u>

762. ശ്രീ. ഇ. ടി മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ മുഴുവൻ തുകയും അനുവദിച്ചിട്ടും ധനകാര്യ വകുപ്പിന്റെ ഇടപെടൽമൂലം പദ്ധതികളുടെ നടത്തിപ്പിൽ പലഘട്ടങ്ങളിലും ദീർഘമായ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലമുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) മുൻകൂട്ടി വിഭാവന ചെയ്യുന്ന വിഭവ ശേഷിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥന ബഡ്ജറ്റിൽ പദ്ധതികൾക്കായി തുക വകകൊള്ളിക്കുന്നത്. പ്രതീക്ഷക്കനുസരിച്ച് വിഭവ ലഭ്യത ഉണ്ടാകാത്ത ചില സന്ദർഭങ്ങളിൽ ചെലവിനത്തിൽ താൽക്കാലിക നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സർക്കാർ നിർബന്ധിതമാകാറുണ്ട്. ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ലാത്ത പദ്ധതികളുടെ കാര്യത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ച ശേഷവും ഭരണാനുമതിയ്ക്കായി റൂൾസ് ഓഫ് ബിസിനസ്സിലെ വ്യവസ്ഥകൾക്കു വിധേയമായി ധനകാര്യ വകുപ്പിന്റെ അംഗീകാരം തേടേണ്ടതായുണ്ട്. ഇത്തരം സാഹചര്യങ്ങൾ പദ്ധതി നടത്തിപ്പിലെ കാലതാമസത്തിനിടയാക്കുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സർക്കാർ ഉത്തരവ് ജി. ഓ. (പി) നമ്പർ 464/2002/ധന തീയതി 11-7-2002 പ്രകാരം 2002 ആഗസ്റ്റ് മാസം മുതൽ എല്ലാ വകുപ്പുകൾക്കും ഓരോ മാസവും ചെലവഴിക്കാവുന്ന തുകയുടെ പരിധി മുൻകൂറായി നിശ്ചയിച്ച് നൽകാനും അവയെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമൂലം ബന്ധപ്പെട്ട വകുപ്പുകൾക്ക് അവ നിശ്ചയിക്കുന്ന മുൻഗണനാക്രമത്തിൽ ബഡ്ജറ്റ് വിഹിതം ചെലവഴിക്കാനാകുന്നതാണ്.

## <u>എക്സൈസ് വകുപ്പ് നവീകരണം</u>

763. ശ്രീ. ടി. യു രാധാകൃഷ്ണൻ :

ശ്രീ. എം. പി. ഗംഗാധരൻ :

ശ്രീ. ടി. എച്ച്. മുസ്തഫ :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് നവീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;
(ബി) ഇതിന്റെ ഫലമായി വകുപ്പിന് എന്തെല്ലാം പ്രയോജനങ്ങളുണ്ടായി എന്ന് വ്യക്തമാക്കുമോ;
(സി) ജനങ്ങളോടുള്ള വകുപ്പുദ്യോഗസ്ഥൻമാരുടെ സമീപനം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടിയെന്ത്;
(ഡി) ഈ വകുപ്പിന്റെ പ്രവർത്തനം സുതാര്യമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) എക്സൈസ് വകുപ്പിന്റെ നവീകരണത്തിനായി സമഗ്രമായ പദ്ധതി തയാറാക്കിയിട്ടുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റുകൾ, ഫീൽഡ് ഓഫീസുകൾ എന്നിവിടങ്ങളിൽ ടെലിഫോണുകൾ സ്ഥാപിക്കൽ, ചെക്ക് പോസ്റ്റ് കെട്ടിടം പണിയൽ, പ്രധാന ഓഫീസുകളിൽ കംപ്യൂട്ടറും ഫാക്സ് മെഷീനുകളും സ്ഥാപിക്കൽ, എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകൾക്ക് വയർലസ് സെറ്റ് നൽകൽ, പുതിയ വാഹനങ്ങൾ അനുവദിക്കൽ, ബോർഡർ പട്രോളിംഗിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കൽ, വനിതാ എക്സൈസ് ജീവനക്കാരെ നിയമിക്കൽ, സ്തുത്യർഹമായ സേവനത്തിന് റിവാർഡ് നൽകൽ, എക്സൈസ് കോംപ്ളക്സുകൾ പണി കഴിപ്പിക്കൽ, എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകൽ എന്നിവ ഉൾപ്പെടെ 500 ലക്ഷം രൂപയുടെ ചെലവു വരുന്ന നവീകരണ പദ്ധതി മുന്നിൽകണ്ട് പ്രാരംഭമായി 63,51,00 രൂപ 19-7-2002-ൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരം 23 എക്സൈസ് സർക്കിൽ ഓഫീസുകളിലും 10 എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് ഓഫീസുകളിലും 8 മേജർ ചെക്ക് പോസ്റ്റുകളിലും ഉടൻതന്നെ ടെലഫോണുകൾ സ്ഥാപിക്കുന്നതും എക്സൈസ് കമ്മിഷണറേറ്റിലും 14 ജില്ലാ ഓഫീസുകളിലുമായി 15 ഫാക്സ് മെഷീനുകൾ സ്ഥാപിക്കുന്നതും എക്സൈസ് കമ്മീഷണറേറ്റ് എക്സൈസ് മേഖലാ ഓഫീസുകൾ എക്സെസ് ജില്ലാ ഓഫീസുകൾ എന്നിവകളിലായി മൊത്തം 22 കംപ്യൂട്ടറുകൾ സ്ഥാപിക്കുന്നതും 19 മൈനർ ചെക്ക്പോസ്റ്റുകളിൽ ലഘു കെട്ടിടങ്ങൾ സ്ഥാപിക്കുന്നതുമാണ്. ഇതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. നവീകരണത്തിന്റെ ഭാഗമായി 0.32 തരത്തിൽപ്പെട്ട 94 പിസ്റ്റളുകൾ ഫീൽഡ് ജോലിയിലുള്ള സർക്കിൾ ഇൻസ്പെകടർക്കും അതിനു മുകളിലുള്ള എക്സൈസ് ഉദ്യോഗസ്ഥൻമാർക്കും വിതരണം ചെയ്തു കഴിഞ്ഞു.

(സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പബ്ലിക് ഗ്രീവൻസ് സെല്ലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സ്ക്വാഡും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് അവരുടെ പരാതികളും ആവശ്യങ്ങളോ ഈ സെല്ലുകൾ വഴി പരിഹരിക്കാം. എല്ലാ പരാതികളും സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എക്സൈസ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ നികുതി പിരിവും വ്യാജമദ്യം അമർച്ച ചെയ്യലുമാണ്. വ്യാജമദ്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബ്ളോക്ക് ജില്ലാ തലങ്ങളിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന അവലോകന സമിതികൾ കൂടി വിലയിരുത്തുന്നതിനാൽ ഇക്കാര്യത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നുണ്ട്.

## സ്പോർട്ട്സിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പാക്കിയ പദ്ധതികൾ

764. ശ്രീ. പി. നാരായണൻ:
ശ്രീ. ബിനോയ് വിശ്വം:
ശ്രീ..എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സ്പോർട്ട്സിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി കഴിഞ്ഞ ഒരുർഷത്തിനുള്ളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദവിവരം വെളിപ്പെത്തുമോ;
(ബി) എല്ലാവർക്കും കായികവിനോദം എന്ന പദ്ധതി നടപ്പാക്കുന്നതിന് ഈ ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ??

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സപോർട്ട്സും വകുപ്പു മന്ത്രി):-**

(എ) സ്പോർട്ട്സിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി സ്പോർട്ട്സ് കൗൺസിലിന്റെയും സ്പോർട്ട്സ് ഡയറക്ട്രേറ്റിന്റേയും, സ്പോർട്ട്സുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ട് ഒരു സ്പോർട്ട്സ് അതോറിറ്റി രൂപീകരിക്കുവാൻ നിലവിലുള്ള ആക്റ്റിൽ ഭേദഗതി വരുത്തുന്നതിന് ഒരു

രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്പോർട്ട്സിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി താഴെപറയുന്ന പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

(1) സ്പോർട്ട് സംഘടനകൾക്കുള്ള സാംപത്തിക സഹായം നൽകി

(2) കായികാഭിരുചി മത്സരം സംഘടിപ്പിച്ചു.

(3) മാർഷ്യൽ ആർട്സ് സെന്ററുകൾ നടത്തി വരുന്നു. കളരിപ്പയറ്റ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു.

(4) തായ്ക്കോണ്ടയിൽ പരിശീലനം നടത്തി.

(5) എസ്.എസ്.പി/ടി.എസ്പി. പ്രകാരം കുട്ടികളെ തിരഞ്ഞെടുത്ത് പ്രീമെട്രിക് സ്പോർട്ട്സ് ഹോസ്റ്റലിൽ പ്രവേശനം നൽകി.

(6) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിന് ധനസഹായം നൽകി

(7) ലോകജനസംഖ്യാദിനാചരണം ആചരിച്ചു.

(8) ഓണം സ്പോർട്ട്സ് സംഘടിപ്പിച്ചു.

(9) സിവിൽ സർവ്വീസ് ടൂർണമെന്റ് സംഘടിപ്പിച്ചു.

(10) രാജീവ്ഗാന്ധി സ്പോർട്ട്സ് മെഡിസിൻ സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി.

(11) ഫുട്ബോൾ, ഹാന്റ്ബാൾ എന്നീ കളിയിനങ്ങളിലായി എറണാകുളത്ത് അക്കാഡമി സ്ഥാപിച്ച് പരിശീലനം നൽകുന്നു.

(12) എല്ലാ പഞ്ചായത്തുകളിലും പ്രസ്തുത സ്ഥലത്തെ പ്രചാരമുള്ള കളിയിനങ്ങളിലെ കായിക താരങ്ങളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഈ വർഷം 100 ഗ്രാമീണ കായിക പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭ ജോലികൾ ആരംഭിച്ചു.

(13) പുതിയസ്പോർട്ട്സ് ആക്ടിന് രൂപം നൽകിക്കഴിഞ്ഞാൽ എല്ലാവർക്കും കായിക വിനോദം എന്നപദ്ധതി പ്രാവർത്തികമാക്കാവുന്നതാണ്.

## <u>പട്ടയഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>

765. ശ്രീ. പി.ജെ. ജോയി:
ശ്രീ. എ.കെ. മണി:
ശ്രീ. വർക്കല കഹാർ:
ശ്രീ. കെ.എ. ചന്ദ്രൻ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പട്ടയഭൂമിയിൽ നിൽക്കുന്ന ഏതെല്ലാം ഇനം മരങ്ങൾ വെട്ടുന്നതിനാണ് അനുവാദം വാങ്ങേണ്ടത്;

(ബി) ഇതിന് അനുവാദം നൽകുന്നതിനുള്ള അധികാരം ആർക്കാണ്;

(സി പട്ടയഭൂമിയിൽ നിൽക്കുന്ന ഏതെങ്കിലും മരം വെട്ടുന്നപക്ഷം അത് ഗവൺമെന്റിനെ ഏൽപ്പിക്കേണ്ടതുണ്ടോ;

(ഡി ഉണ്ടെങ്കിൽ ഏതെല്ലാം മരങ്ങളാണ് വെട്ടിയശേഷം ഗവൺമെന്റിനെ ഏൽപ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സപോർട്ട്സും വകുപ്പു മന്ത്രി):-**

(എ) 1986-ലെ കേരള വൃക്ഷസംരക്ഷണ നിയമത്തിലെ സെക്ഷൻ 4 പ്രകാരം ചന്ദനം, ഈട്ടി, ഇരുൾ, തേംപാവ്, കംപകം, ചെംപകം, ചടച്ചി, ചന്ദനവേംപ്, ചീനി എന്നീ ഇനം മരങ്ങൾ വെട്ടുന്നതിന് അനുവാദം വാങ്ങേണ്ടതുണ്ട്.

(ബി) ടെറിട്ടോറിയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, ടെറിട്ടോറിയൽ റെയിഞ്ചഫീസർമാർ, വൈൽഡ്ലൈഫ് വാർഡർമാർ എന്നിവരാണ് അനുവാദം നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻമാർ.

(സി) ഉണ്ട്.

(ഡി) പട്ടയഭൂമിയിൽ സർക്കാർ റിസർവ്ചെയ്ത് നിർത്തിയിട്ടുള്ള മരങ്ങൾ സർക്കാർ നിശ്ചയിച്ച വില കൊടുക്കാതെ മുറിക്കുന്നപക്ഷവും, ഡിസ്റിസർവ് ചെയ്യാത്ത പ്രദേശങ്ങളിലെ പട്ടയവസ്ത്തുക്കളിലെ മരങ്ങൾ മുറിക്കുന്നപക്ഷവും വനം, റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് പിടിച്ചെടുക്കാവുന്നതാണ്. കൂടാതെ ചന്ദനമരം മുറിക്കുന്നപക്ഷം വിൽപനക്കായി സർക്കാരിലേയ്ക്ക് ഏൽപ്പിക്കേണ്ടതാണ്.

**കേന്ദ്ര സർക്കാരിന്റെ കയറ്റുമതി നയവും സംസ്ഥാനത്ത് നിന്നുള്ള കയറ്റുമിതയും**

766. ശ്രീ. കെ. വി. കുഞ്ഞിരാമൻ:
ശ്രീ. ടി.കെ. ബാലൻ:
ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങളാണ് ഇപ്പോൾ കയറ്റുമതി ചെയ്യുന്നത്?

(സി) കേന്ദ്ര സർക്കാരിന്റെ കയറ്റുമതിനയം സംസ്ഥാനത്ത് നിന്നുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) കയറ്റുമതി കുറയുകയും ഇറക്കുമതി വർദ്ധിക്കുകയും ചെയ്യുന്നതിന്റെ ഫലമായി കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കയറ്റുമതിയിൽക്കൂടി ലഭിച്ചിരുന്ന വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഇറക്കുമതി ചെയ്യുന്ന കാർഷിക ഉൽപ്പന്നങ്ങൾ റീ എക്സ്പോർട്ട് ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം സംസ്ഥാനത്തെ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ( കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ ഉൽപന്നങ്ങളുടെ ഡിമാന്റ് വർദ്ധിപ്പിക്കുന്നതിനായി കുറഞ്ഞചെലവിൽ ഗുണമേൻമയുള്ള ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനും അവ വൈവിദ്ധ്യവൽക്കരിച്ചും മൂല്യവർധനവു നടത്തിയും കയറ്റുമതി ചെയ്യുന്നതിനും ഉള്ള നടപടികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യാവുന്ന ഉൽപന്നങ്ങളുടെ കാർഷിക കയറ്റുമതി മേഖലകൾ (Agri.Export Zones) സംസ്ഥാനത്ത് അനുവദിച്ചുകിട്ടുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്രത്തിനു സമർപ്പിക്കുന്നതിനുള്ള പഠനം നടത്തി റിപ്പോർട്ടു നൽകാൻ ഒരു കൺസൽട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്യദേശങ്ങളിൽനിന്നും ഗുണനിലവാരം കുറഞ്ഞ വിലകുറഞ്ഞ ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്ത് ഇവിടെയുൽപാദിപ്പിക്കുന്ന ഗുണമേൻമയുള്ളവയുമായി കലർത്തി വീണ്ടും കയറ്റുമതി ചെയ്യുന്നതുമൂലം അന്താരാഷ്ട്ര കംപോളത്തിൽ കേരളത്തിന്റെ ഉൽപന്നങ്ങൾക്ക് ഡിമാന്റ്കുറയുന്നതു തടയാൻ ഇറക്കുമതി ചുങ്കം ഡബ്ലിയു.ഡി.ഒ.യിലെ ബൗണ്ട് റേറ്റിലേക്ക് ഉയർത്താൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഗുണനിലവാരം കുറഞ്ഞ ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതും അനധികൃത ഇറക്കുമതികളും തടയാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. കൂടുതൽ നടപടികൾ ഡോക്ടർ എം.എസ്. സ്വാമിനാഥൻ ചെയർമാനായുള്ള കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സ്വീകരിക്കാനുദ്ദേശിക്കുന്നു.

സ്വാഭാവിക റബ്ബർ സംഭരിച്ച് കയററുമതി ചെയ്യുന്നതിന് നിയുക്ത ഏജൻസികൾക്കുണ്ടകുന്ന നഷ്ടം നികത്തുന്നതിന് സംസ്ഥാന സർക്കാർ സ്പെഷ്യൽ പാക്കേജിൽ പദ്ധതി ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.

(ബി) കുരുമുളക്, ഏലം, ചുക്ക്, ഗ്രാംപു എന്നിവയും മറ്റ് സുഗന്ധവ്യഞ്ജനങ്ങളും കൂടാതെ കശുവണ്ടി, തേയില, കാപ്പി, കയർ ഉൽപന്നങ്ങൾ, റബർ ഉൽപന്നങ്ങൾ എന്നിവയും കയറ്റുമതി ചെയ്യുന്നു. ഇതിനുപുറമെ പഴങ്ങളും, പച്ചക്കറികളും ചെറിയതോതിൽ വൈവിദ്ധ്യവൽക്കരിച്ച/മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങളും കയറ്റുമതി ചെയ്യുന്നുണ്ട്.

(സി) ആന്റ് (ഡി)

കേന്ദ്രഗവൺമെന്റ് ഒപ്പുവച്ച ലോകവ്യാപാര സംഘടന എഗ്രിമെന്റിലെ വ്യവസ്ഥകൾ കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചിട്ടണ്ട്. കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധയിനം കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതിച്ചുങ്കം ഡബ്ലിയു.ടി.ഒ. ബൗണ്ട് റേറ്റിലേക്കുയർത്തി ഇറക്കുമതി പരമാവധി കുറയ്ക്കാൻ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനോട് കേന്ദ്രസർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ട്. കാപ്പിയുടെയും തേയിലയുടേയും ഇറക്കുമതി ചുങ്കം 70%ൽനിന്നും 100% ആയും റബ്ബർ, കുരുമുളക്, ഏലം, ഗ്രാംപൂ എന്നിവയുടേത് 35% ൽ നിന്ന്

70% ആയും വർദ്ധിപ്പിച്ചു. ഗുണനിലവാരം കുറഞ്ഞ ഉൽപന്നങ്ങളുടെ അനധികൃത ഇറക്കുമതി തടയുന്നതിന് നടപടി സ്വീകരിക്കുവാനും കേന്ദ്രത്തോട് അവശ്യപ്പെട്ടു. റബ്ബറിന്റെ ഇറക്കുമതി അനധികൃതമായി നടത്തുന്നത് കേന്ദ്രസർക്കാർ തടഞ്ഞിട്ടുണ്ട്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചും ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ കുറഞ്ഞചെലവിൽ ഉണ്ടാക്കിയും അന്താരാഷ്ട്ര കംപോളത്തിൽ മത്സരത്തിന് കേരളത്തിൽനിന്നുള്ള ഉൽപ്പന്നങ്ങളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾക്ക് ഊന്നൽനൽകുന്നു. ഡബ്ലിയു. ഡി.ഒ. കരാറിന്റെ ഗുണഫലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പഠിച്ച് നിർദ്ദേശം നൽകാൻ ഡോക്ടർ എം.എസ്. സ്വാമിനാഥൻ ചെയർമാനായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മീഷന്റെ ഇടക്കാല നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ വിവിധ നടപടികൾക്കായി സമ്മർദ്ദം ചെലുത്തുന്നുണ്ട്. കമ്മീഷന്റെ അന്തിമ റിപ്പോർട്ട് ലഭിക്കുംപോൾ ആവശ്യമായ കൂടുതൽ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

സംസ്ഥാന സർക്കാർ ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയിൽ നിന്നും കർഷകർക്ക് അല്പം ആശ്വാസം നൽകുന്നതിനായി 95 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് 2001-2002ൽ പ്രഖ്യാപിച്ചു. അതിൽനിന്നും ആ വർഷം 12.1 കോടി രൂപ അനുവദിച്ചു. റബ്ബർ സംഭരണം, നെൽകൃഷിക്കുള്ള പംപിംഗ് സബ്സിഡി, നെല്ലിനുള്ള ഉൽപാദന ബോണസ്സ് എന്നിവയ്ക്കാണ് തുക അനുവദിച്ചത്.

(ഇ) കയറ്റുമതിയിൽനിന്നുള്ള ഇൻഡ്യയുടെ മൊത്ത വരുമാനം കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന കാർഷിക ഉൽപ്പന്നങ്ങളുടെ ദേശീയ തലത്തിലുള്ള കഴിഞ്ഞ അഞ്ചുവർഷത്തെ കയററുമതിയുടെ അളവും മൂല്യവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. കേരളത്തിന്റെ മാത്രമായുള്ള കണക്ക് ലഭ്യമല്ല.

(എഫ്) ഉണ്ട്. ഇറക്കുമതി ചെയ്യുന്ന കാർഷികോൽപന്നങ്ങൾ വൈവിദ്ധ്യവൽക്കരിച്ച് റീ എക്സ്പോർട്ട് ചെയ്യുന്നതിന് ലോവ്യാപാരക്കരാറിൽ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയുടെ ദോഷഫലത്തിൽ നിന്നും രക്ഷനേടുന്നതിന് സംസ്ഥാനത്ത് ഗുണമേൻമയുള്ള ഉൽപന്നങ്ങൾ ഉണ്ടാക്കി കുറഞ്ഞ ചെലവിൽ വിപണനം ചെയ്ത് വൈവിദ്ധ്യവൽക്കരിച്ച് കയറ്റുമതി രംഗത്ത് പിടിച്ചുനിൽക്കാൻ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾക്ക് മുൻതൂക്കം നൽകുവാനുദ്ദേശിക്കുന്നു. ഇതിനുള്ള അവസരമൊരുക്കാൻ ജൈവസാങ്കേതിക വിദ്യയുടെയും വിവരസാങ്കേതിക വിദ്യയുടേയും സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ടും പ്രോജക്ടുകളും നൽകാനായി ഡോക്ടർ വി.എൽ. ചോപ്രായുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതലകമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ടും പ്രോജക്ടുകളും ലഭിക്കുംപോൾ കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഗുണമേന്മ കുറഞ്ഞ ഉൽപന്നങ്ങളുടെ ഇറക്കുമതി നിയുക്ത പോർട്ടുകൾ വഴിയല്ലാതെ ഇറക്കുമതി ചെയ്യുന്നതും തടയാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി ചുങ്കം പരമാവധി ഉയർത്താനും കേന്ദ്രത്തിൽ നിരന്തര സമ്മർദ്ദം ചെലുത്തിവരുന്നു.

## <u>കാർഷികമേഖലയിൽ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് പദ്ധതി</u>

767. ശ്രീ. സാജുപോൾ:
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ:
ശ്രീ. പി.സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാർഷികമേഖലയിൽ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം മേഖലകളാണ് ഇതിനുവേണ്ടി കണ്ടെത്തിയിട്ടുള്ളതെന്ന് പറയാമോ;

(സി) ഇത് സംബന്ധിച്ച് പഠനം നടത്തിയ ഡോക്ടർ വി.എൽ. ചോപ്രാ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ; അതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഇ) സംസ്ഥാനത്ത് കാർഷികമേഖലയിൽ അന്തകവിത്തുകൾ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; അന്തകവിത്തുകളുടെ വ്യാപനം സംസ്ഥാനത്ത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ( കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) കാർഷികമേഖലയിൽ നൂതന കൃഷിയുടെ പ്രോൽസാഹനം എന്ന സംസ്ഥാന പദ്ധതി പ്രകാരം ടിഷ്യുകൾച്ചർ തൈകൾ, ജീവാണുവളങ്ങൾ, ബയോപെസ്റ്റിസൈഡ്, കൂൺകൃഷി, ബഹുവിളകൃഷി (ഹൈഡെൻസിറ്റി പ്ലാന്റിംഗ്) നഴ്സറികൾ എന്നിവയുടെ നൂതന സംരംഭങ്ങൾ തുടങ്ങുന്നതിന് കർഷകരുടെ സംഘടനകൾ, നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ എന്നിവർക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ആനുകൂല്യം നൽകുന്നതിന് ഉദ്ദേശിക്കുന്നു.

(സി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനിടെ കമ്മിറ്റി നൽകിയ ഇടക്കാല നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാറ്റലൈറ്റ് മുഖേന കൃഷി വിജ്ഞാനം കർഷകരിലെത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) അന്തക വിത്തുകൾ (ടെർമിനേറ്റർ സീഡ്സ്) സംസ്ഥാനത്ത് ഉപയോഗിക്കുന്നതായിട്ട് ഇത് വരേയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ഇതേക്കുറിച്ച് അന്വേഷിക്കുന്നതാണ്.

## നാളീകേരത്തിന്റെ ഉൽപ്പാദനക്ഷമത

768. ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. കെ.സി. വേണുഗോപാൽ:

ശ്രീ. വി.ഡി. സതീശൻ:

ശ്രീ. പി.ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നാളീകേരത്തിന്റെ ഉൽപ്പാദനക്ഷമതയിൽ സംസ്ഥാനം എത്രമതാണ്;

(ബി) സംസ്ഥാനത്ത് നാളീകേരത്തിന്റെ ഉൽപ്പാദനക്ഷമത കുറയുവാനുള്ള കാരണം എന്തെല്ലാമാണ്;

(സി) നാളീകേരത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ( കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) 1999-2000 ലെ സ്ഥിതി വിവരകണക്ക് അനുസരിച്ച് മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നാളീകേരത്തിന്റെ ഉൽപാദനക്ഷമതയിൽ കേരളം 8-ാം സ്ഥാനത്താണ്.

(ബി) അശാസ്ത്രീയമായ കൃഷി രീതി, തെങ്ങിനെ ബാധിക്കുന്ന കീടരോഗങ്ങൾ, കാറ്റുവീഴ്ച രോഗങ്ങൾ, മണ്ഡരി കീടബാധ മുതലായവ സംസ്ഥാനത്ത് തെങ്ങിന്റെ ഉൽപാദമക്ഷമത കുറയുവാനുള്ള പ്രധാന കാരണങ്ങളാണ്. യഥാസമയത്ത് നൽകേണ്ട പരിചരണങ്ങൾ നൽകാതിരിക്കുന്നതും ഉയർന്ന ഉൽപാദനച്ചെലവും ഉൽപാദനക്ഷമതയെ ബാധിച്ചു.

(സി) സംസ്ഥാനത്ത് നാളീകേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഈ സാംപത്തികവർഷം 909 ലക്ഷം രൂപയുടെ സംസ്ഥാന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ കോക്കനട്ട് ഡെവലപമെന്റ് ബോർഡിന്റെ സഹായത്തോടെ താഴെപറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംയോജിത പദ്ധതിയും നടപ്പിലാക്കുന്നതാണ്.

1. ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും, കിണർ കുഴിക്കുന്നതിനും, പംപുസെറ്റ് വാങ്ങുന്നതിനും ധനസഹായം.
2. സംയോജിത വള പ്രയോഗം
3. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റൽ
4. ഗുണമേൻമയുള്ള തെങ്ങിൻതൈകളുടെ ഉൽപാദനവും വിതരണവും
5. പ്രദർശന പ്ലോട്ടുകൾ സ്ഥാപിക്കൽ
6. സംയോജിത കീട നിയന്ത്രണം.
7. സങ്കരയിനം തെങ്ങിൻതൈകളുടെ ഉൽപാദനവും വിതരണവും ഇവ കൂടാതെ നാളീകേര കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ 14 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പദ്ധതി നടപ്പാക്കുന്നുണ്ട്. കൂടാതെ ജൈവ സാങ്കേതിക വിദ്യയുടെ

സാദ്ധ്യത പ്രയോജനപ്പെടുത്തി അത്യുൽപാദനശേഷിയുള്ളതും രോഗപ്രതിരോധശേഷിയുള്ളതുമായ വിത്തിനങ്ങൾ വികസിപ്പിച്ച് കൃഷി കൂടുതൽ ലാഭകരമാക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ഡോക്ടർ വി.എൻ.ചോപ്രയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## തെങ്ങുകൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ

769. ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ടി.എച്ച്. മുസ്തഫ:
ശ്രീ. പി.ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തെങ്ങുകൾക്ക് കാറ്റുവീഴ്ചയും മണ്ഡരിരോഗബാധയും ഉണ്ടാകുന്നത് എന്ത്കൊണ്ടാണെന്ന് വിശദീകരിക്കുമോ;

(ബി) തെങ്ങുകൾക്ക് വരുന്ന ഈ രോഗങ്ങൾക്ക് ഫലപ്രദമായ പരിഹാരം കണ്ടെത്തുവാൻ കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) ഇക്കാര്യത്തിൽ നടത്തിയ ഗവേഷണങ്ങളുടെ വിശദാംശം നൽകുമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ( കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) തെങ്ങുകൾക്ക് കാറ്റുവീഴ്ചയുണ്ടാകുന്നത് ഫൈറ്റോപ്ലാസ്മ എന്ന സൂക്ഷ്മ ജീവി മൂലവും മണ്ഡരി അസേറിയ ഗരിറോണിസ് എന്ന ശാസ്ത്ര നാമത്തിലുള്ള കീടങ്ങൾ മൂലവുമാണ്.

(ബി) കാറ്റുവീഴ്ചയ്ക്കും മണ്ഡരിരോഗത്തിനും ഫലപ്രദമായ പ്രതിവിധി ഇതേവരെ കണ്ടുപിടിച്ചിട്ടില്ല. രോഗം ബാധിച്ച തെങ്ങുകളിൽ നിന്നും പരമാവധി ആദായം ലഭ്യമാക്കുന്നതിനുള്ള അഗ്രിക്കൾച്ചർ പാക്കേജ് ഓഫ് പ്രാക്ടീസ് അവലംബിക്കുകയാണ് ചെയ്യുന്നത്. കൂടാതെ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റി രോഗപ്രതിരോധശേഷിയും അത്യുൽപാദനശേഷിയുമുള്ള പുതിയ ഇനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുകയുമാണ് പ്രതിവിധിയായി കാണുന്നത്. ഇതിനുള്ള മരുന്നുതളിയും തെങ്ങിന്റെ ആരോഗ്യസംരക്ഷണത്തിനുള്ള വിളപ്രയോഗവും നടത്തുന്നുണ്ട്.

കാർഷിക സർവ്വകലാശാല ഇത് സംബന്ധിച്ച ഗവേഷണങ്ങൾ നിരന്തരം നടത്തി ഫലം കൃഷിവകുപ്പു വഴി കർഷകരിലെത്തിക്കുന്നു.

(സി) കറ്റുവീഴ്ച ചെറുക്കുന്നതിന് സി.പി.സി.ആർ.ഐ. കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ ഗവേഷണങ്ങൾ നടത്തുകയും താഴെപറയുന്ന പരിചരണ മുറകൾ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

1. തെങ്ങൊന്നിന് 500 ഗ്രാം പാക്യജനകം, 320 ഗ്രാം ഭാവകം 1200 ഗ്രാം ക്ഷാരം, 500 ഗ്രാം മെഗ്നീഷ്യംസൽഫേററ് എന്നിവ ഓരോ വർഷവും നൽകണം.
2. തെങ്ങൊന്നിന് 50 കിലോഗ്രാം ചാണകം/കംപോസ്റ്റ് നൽകണം.
3.വളങ്ങൾ തെങ്ങിന് ചുറ്റും 10 സന്റീമീറ്റർ താഴ്ചയിൽ 2 മീറ്റർ വ്യാസത്തിൽ തടം ഉണ്ടാക്കി അവയിൽ പ്രയോഗിക്കണം.
4. പ്രതിരോധ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ സ്വീകരിക്കണം.
5. ഉൽപാദനക്ഷമത കുറഞ്ഞ രോഗബാധിത തെങ്ങുകളെ നശിപ്പിക്കുക എന്നിവയാണ്.

മണ്ഡരികീടബാധ നിയന്ത്രിക്കന്നതിന് ഡൈക്കോഫോൾ .1%, വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം 2% വെറ്റബിൾ സൾഫർ 0.4% എന്നിവഫലപ്രദമെന്ന് കേരളകാർഷിക സർവകലാശാലയുടെ ഗവേഷണഫലമായി ശുപാർശ ചെയ്തിട്ടുണ്ട്. ഈ സസ്യസംരക്ഷണ മാർഗ്ഗങ്ങളുടെ കാര്യക്ഷമത തെങ്ങുകർഷകർക്ക് ബോദ്ധ്യമാക്കിക്കൊടുക്കുന്നതിനായി ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രദർശന തോട്ടങ്ങൾ കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷകരുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു. മണ്ഡരി കീട നിന്ത്രണ മാർഗ്ഗങ്ങൾ, സമഗ്രതെങ്ങു പരിപാലന മുറകൾ എന്നിവക്കാണ് പ്രദർശത്തോട്ടങ്ങളിൽ പ്രാവർത്തികമാക്കിയിട്ടുള്ളത്.

## ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള വിവധതരം ലോട്ടറി വിൽപ്പന നിയന്ത്രിക്കുന്നതിന് നടപടി

770. ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. കെ.കെ. ഷാജു:
ശ്രീ. ഷിബു ബേബിജോൺ:
ശ്രീ. ജോണി നെല്ലൂർ:

ശ്രീ. എ.എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിനു പുറത്തുനിന്നുള്ളതും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ളതുമായ വിവധതരം ലോട്ടറികൾ സംസ്ഥാന സർക്കാരിന്റെ ലോട്ടറി വിൽപ്പനയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഈയിടെ ആരംഭിച്ച ഓൺലൈൻ ലോട്ടറികൾ എത്ര തുകയാണ് കേരളത്തിൽ നിന്നും സമാഹരിച്ചിട്ടുള്ളതെന്ന് അറിവുണ്ടോ;

(ഡി) ഈ ലോട്ടറികളിൽ നിന്നും നികുതിയിനത്തിൽ എന്തു തുക ലഭിച്ചിട്ടുണ്ട്;

(ഇ) ഉന്നത സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തുന്ന ഈ ലോട്ടറി വിൽപ്പനയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ഡൗൺലിങ്കിംഗ് സംവിധാനം സർക്കാർതലത്തിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(എഫ് കേരളത്തിലെ ലോട്ടറികൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) കാര്യമായി ബാധിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) കേരളത്തിൽ അന്യസംസ്ഥാനങ്ങൾ ആരംഭിച്ച ഓൺലൈൻ ലോട്ടറിയിൽ നിന്നും എത്ര തികസമാഹരിച്ചിട്ടുണ്ടെന്ന് അറിയാനുള്ള സംവിധാനം നിലവിലില്ല.

(ഡ) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ആന്റ് (എഫ്)

സിക്കിം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സൂപ്പർ ഭാഗ്യക്കുറിയുടെ വിൽപനയാണ് കേരളത്തിൽ ഇപ്പോൾ പ്രചാരത്തിലുള്ളത്. ഇവയെ നിയന്ത്രിക്കാൻ നിലവിലുള്ള നിയമ പ്രകാരം വ്യവസ്ഥയില്ല. കേരള സർക്കാരിന്റെ മേൽനോട്ടത്തിൽ ഓൺലൈൻ ലോട്ടറി നടത്തുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി വിശദമായ പരിശോധന നടന്നുവരികയാണ്. ഇത് നടപ്പിലാക്കിയാൽ അന്യസംസ്ഥാനങ്ങളുടെ ഓൺലൈൻ ലോട്ടറിയുടെ വിൽപന നമ്മുടെ സംസ്ഥാനത്ത് കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>സിവിൽസപ്ലൈസ് കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ</u>**

771. ശ്രീ. കെ.പി. രാജേന്ദ്രൻ:

ശ്രീ. പി.എസ്. സുപാൽ:

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽസപ്ലൈസ് കോർപ്പറേഷൻ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) സ്ക്കൂൾ കുട്ടികൾക്ക് ഫെസ്റ്റിവൽ സമയങ്ങളിൽ സൗജന്യ അരിയും മററിനങ്ങളും വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ പദ്ധതിപ്രകാരം ഓരോ വിദ്യാർത്ഥിക്കും എത്ര കിലോ അരി വീതം ഏതെല്ലാം ഉത്സവകാലങ്ങളിൽ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വർഷത്തെ ഓണത്തിന് വിദ്യാർത്ഥികൾക്ക് അരിയുൾപ്പെടെ എന്തെല്ലാം വിതരണം ചെയ്യുവാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട 100 മാവേലി സ്റ്റോറുകളെ ഘട്ടംഘട്ടമായി ലാഭം മാർക്കറ്റുകളായി ഉയർത്താൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇപ്രകാരം 44 മാവേലിസ്റ്റോറുകളെ ലാഭം മാർക്കറ്റുകളാക്കിയിട്ടുണ്ട്. കൂടാതെ 10.6.2002 മുതൽ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം പ്രിവിലേജ് കാർഡ് സംപ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 5 കിലോ അരി നൽകാൻ പദ്ധതിയുണ്ട്.

(സി) ഓണത്തോടനുബന്ധിച്ചും 5 കിലോ അരിയും, റംസാൻ, ക്രിസ്തുമസ് ഉത്സവങ്ങളോടനുബന്ധിച്ച് 5 കിലോഗ്രാം അരിയും വീതം ഓരോ വിദ്യാർത്ഥിക്കും നൽകാൻ തീരുമാനിച്ചു. ഇതിൽ റംസാൻ/ക്രിസ്തുമസ് അവസരത്തിൽ ഫണ്ടിന്റെ കുറവുമൂലം ചില സ്ഥലങ്ങളിൽ വിതരണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

(ഡി) 5 കിലോ അരി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

## പയറ്, തുവപ്പരിപ്പ്, കടല എന്നിവയുടെ ഉൽപാദനം

772. ശ്രീ. എഴുകോൺ നാരായണൻ:
പ്രൊഫസർ എ.ഡി.മുസ്തഫ:
ശ്രീ. കെ. മുഹമ്മദാലി:
ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പയറ്, തുവരപ്പരിപ്പ്, കടല എന്നിവയുടെ ഉൽപാദനം എത്രയാണ്;

(ബി) ഈ ഉൽപ്പന്നങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു;

(സി) ഇവ ഉല്പാദിപ്പിക്കുന്നവർക്ക് പ്രത്യേകം ഇൻസെന്റീവ് നൽകുമോ;

(ഡി) ഇവയുടെ ഉൽപാദനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ( കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) 5472 ടൺ

(ബി) ഈ ഉൽപ്പന്നങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കുവാൻ 75% ധനസഹായത്തോടെ ഒരു കേന്ദ്രാവിഷ്കൃത പദ്ധതി(ദേശീയ പയറു കൃഷി വികസന പദ്ധതി) നടപ്പിലാക്കി വരുന്നു.

(സി) ഇവ ഉൽപ്പാദിപ്പിക്കുന്നവർക്ക് പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(ഡി) ഇവയുടെ ഉൽപാദനം വർദ്ധിപ്പിക്കുവാൻ മുകളിൽ പറഞ്ഞ പദ്ധതിയിൽ ഇക്കൊല്ലം 6 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

## വിൽപ്പന നികുതി ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന കേസുകളിൻമേൽ അദാലത്ത് വഴി തീരുമാനമെടുക്കുവാൻ നടപടി

773. ശ്രീ. ഡി. സുഗതൻ:
ശ്രീ. ജോർജ്.ജെ. മാത്യു:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. എം.പി. ഗംഗാധരൻ:
ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇപ്പോൾ എന്ത് തുകയ്ക്കുള്ള സെയിൽസ് ടാക്സ് കേസുകൾ സെയിൽസ് ടാക്സ് ട്രിബ്യൂണലിലും വിവിധ കോടതികളിലുമായി കെട്ടിട്ടിടപ്പുണ്ട്;

(ബി) ഇതിൽ ഏറ്റവും കൂടുതൽ കാലപ്പഴക്കമുള്ള കേസ് ഏത് വർഷത്തേതാണ്;

(സി) ഇങ്ങനെ കെട്ടിട്ടിടക്കുന്ന കേസുകളിൽ പെട്ടെന്ന് തീർപ്പാക്കുവാൻ എന്തെല്ലാം നടപടികളെടുത്തു എന്ന വെളിപ്പെടുത്തുമോ;

(ഡി) ഒരു ഔട്ട് ഓഫ് കോർട്ട് സെറ്റിൽമെന്റ് വഴി ഈ കേസുകൾക്ക് തീരുമാനമുണ്ടാക്കുന്നകാര്യം പരിഗണിക്കുമോ;

(ഇ) വിൽപ്പന നികുതി ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന കേസുകളിൻമേൽ അദാലത്ത് വഴി തീരുമാനമുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ(ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ട്രിബ്യൂണലിലും വിവിധ കോടതികളിലുമായി 30-6-2002 വരെ കെട്ടിക്കിടക്കുന്ന കേസുകളിൽ 565.62 കോടി രൂപയുടെ സ്റ്റേ കൊടുത്തിട്ടുണ്ട്.

(ബി) 1989-ലേത്.

(സി) കോടതികളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകളിൽ പെട്ടെന്ന് തീരുമാനമെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ വാണിജ്യനികുതി വകുപ്പിലെ നിയമവിഭാഗം ഡെപ്യൂട്ടി കമ്മീഷണർക്കും ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അതിനുവേണ്ടി ഒരു സെറ്റിൽമെന്റ് കമ്മീഷൻ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ 2001-ലെ ഫൈനാൻസ് ആക്ട് പ്രകാരം കേരള വിൽപന നികുതി നിയമത്തിൽ വകുപ്പ് 4 എ ആയി ചേർത്തിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## സാമൂഹ്യ സുരക്ഷിതത്വ നടപടികൾ

774. ശ്രീ. കെ.എ. ചന്ദ്രൻ:
ശ്രീ. വി. ബാലറാം:
ശ്രീ. ടി.എൻ പ്രതാപൻ:
ശ്രീ. എ.പി. അനിൽകുമാർ:
ശ്രീമതി. രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എന്തെല്ലാം പുതിയ സാമൂഹ്യ സുരക്ഷിതത്വ നടപടികൾ പ്രഖ്യാപിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം ജനവീഭാഗങ്ങൾക്ക് പ്രയോജനം ഉറപ്പാക്കൻ വേണ്ടിയാണ് ഈ പദ്ധതികൾ പ്രഖ്യാപിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികളിൽ എതെല്ലാം നിലവിൽവന്നു എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ(ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ഒരു കപ്പ് പാലും ഷേക്ക്ഹാന്റും എന്ന പദ്ധതി, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വദ്ധിപ്പിക്കൽ, വീട്ടുജോലിക്കാർ, സ്വയംതൊഴിൽ ചെയ്യുന്നവർ തുടങ്ങി നിയമ സംരക്ഷണം ലഭിക്കാത്ത മറ്റു തൊഴിലാളികൾ എന്നിവർക്കായുള്ള ക്ഷേമപദ്ധതികൾ എന്നിവ പുതിയ സാമൂഹ്യസുരക്ഷിതത്വ നടപടികളാണ്. ഇപ്പോൾ ക്ഷേമ പദ്ധതികളുടെ ആനുകൂല്യം ലഭിക്കാത്ത അസംഘടിത മേഖലകളിലെ തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധിയിൽപ്പെടുത്തുകയും നിലവിലുള്ള പദ്ധതികളെ പുനസംഘടിപ്പിച്ച് കാര്യക്ഷമമാക്കുകയും ചെയ്യും. കൂടാതെ ദുർബല വിഭാഗങ്ങളുടെ ഉന്നമത്തിനായി 25 കോടി രൂപയുടെ ഒരു സാമൂഹ്യ സുരക്ഷാഫണ്ടും രൂപവൽക്കരിക്കുന്നുണ്ട്.

(ബി) വീട്ടുജോലിക്കാർ, സ്വയംതൊഴിൽ ചെയ്യുന്ന സേവന തുറയിൽ ഉള്ളവർ, മറ്റ് ക്ഷേമപദ്ധതികളുടെ പരിധിയിൽ പെടാത്ത പനകയറ്റക്കാർ, സ്വർണ്ണപ്പണിക്കാർ, പർപ്പടകം ഉണ്ടാക്കുന്നവർ, മൺപാത്രം ഉണ്ടാക്കുന്നവർ തുടങ്ങി അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് പ്രയോജനം ഉറപ്പാക്കാൻ വേണ്ടിയാണ് ഈ പദ്ധതികൾ പ്രഖ്യാപിച്ചത്. കൂടാതെ പാവപ്പെട്ടവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുകയും ആടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് സാമൂഹ്യസുരക്ഷാ ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യം. 6 മാസം മുതൽ 6 വയസ്സ് വരെയുള്ള അംഗൻവാടി ഗുണഭോക്താക്കളായ കുട്ടികൾക്കാണ് ഒരു കപ്പ് പാലും ഷേക്ക് ഹാന്റും എന്ന പദ്ധതി പ്രയോജനം ചെയ്യുന്നത്. ബദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വർഷത്തിൽ 660 രൂപയിൽ നിന്ന് 900 രൂപയായി വർദ്ധിപ്പിച്ചതിനാൽ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് ഇതുകൊണ്ട് പ്രയോജനം ലഭിക്കുന്നത്.

(സി) ഒരു കപ്പ് പാലും ഷേക്ക് ഹാന്റും,ബദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വർദ്ധിപ്പിക്കൽ എന്നീ പദ്ധതികൾ നിലവിൽവന്നു കഴിഞ്ഞു. മറ്റ് പദ്ധതികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സാമൂഹ്യസുരക്ഷാ ഫണ്ടിന്റെ ഭരണപരമായ നടത്തിപ്പും മറ്റു വിശദാംശങ്ങളും ഇതുവരെ തീരുമാനിച്ചിട്ടില്ല.

## അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ

775. ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ.കെ. ജയചന്ദ്രൻ :
ശ്രീ. ടി.കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും അവ യഥാസമയം കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനമെന്താണ് ;

(സി) അത്യുൽപ്പാദനശേഷിയുള്ള ഏതെല്ലാം വിത്തിനങ്ങളാണ് ലഭ്യമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ സുലഭമാക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ ഗൗരിയമ്മ(കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) ഇല്ല.

(ബി) സംസ്ഥാനത്തിനാവശ്യമായ നെൽവിത്ത് രജിസ്ട്രേഡ് വിത്തുൽപാദന പദ്ധതിപ്രകാരം ഉൽപാദിപ്പിക്കുകയും സംസ്ഥാനത്തെ വിത്ത് വികസനത്തിന് അതോറിറ്റി വഴി അവ സംഭരിച്ച് സംസ്ക്കരിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു. ഇതിനു പുറമേ നാഷണൽ സീഡ് കോർപ്പറേഷൻ വഴിയും വിത്ത് ലഭ്യമാക്കുന്നുണ്ട്. സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന സർട്ടിഫൈഡ് നെൽവിത്തുകൾ ഇപ്പോൾ പാലക്കാട്ടും തൃശ്ശൂരും ഉള്ള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷനിലാണ് സൂക്ഷിക്കുന്നത്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള വിത്ത് ഫാമുകളിലെ ഗോഡൗൺ സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) അത്യുൽപാദനശേഷിയുള്ള ജ്യോതി, ചുവന്ന ത്രിവേണി, ഐശ്വര്യ, കാഞ്ചന, കൈരളി, പഞ്ചമി, പവിത്ര, രേവതി, ഹർഷ. ഉമ, രമണിക എന്നീ വിത്തിനങ്ങൾ ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) പുതിയ പദ്ധതികൾക്കൊന്നും രൂപം നൽകിയിട്ടില്ല. എന്നാൽ നിലവിലുള്ള പദ്ധതിപ്രകാരം റിക്കാർഡ് കളക്ഷൻ നടത്തിയിട്ടുണ്ട്.

## ടെണ്ടർ വിളിക്കാതെയുള്ള റബ്ബർ കയറ്റുമതി

776. ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ.എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബർ കയറ്റുമതി ചെയ്തിട്ടുള്ളത്; ഓരോ സ്ഥാപനവും ഇതിനകം എത്ര ടൺ റബ്ബർ കയറ്റി അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) റബ്ബർ കയറ്റുമതി ചെയ്യുന്ന ഓരോ ഏജൻസിക്കും സബ്സിഡി ഇനത്തിൽ ഇതിനകം നൽകിയിട്ടുള്ള തുക എത്രവീതമെന്ന് പറയാമോ ;

(സി) വിദേശത്തേക്ക് റബ്ബർ കയറ്റുമതി ചെയ്യുന്നതിന് ആഗോളടെണ്ടർ വിളിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ ആഗോള ടെണ്ടർ വഴി റബ്ബർ കയറ്റുമതി ചെയ്തിട്ടുള്ളത് ;

(ഡി) റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ സിംഗപ്പൂരിലേക്ക് റബ്ബർ കയറ്റുമതി ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ടൺ റബ്ബർ കയറ്റുമതി ചെയ്തിട്ടുണ്ട് ; ഇതിന് ആഗോള ടെൻഡർ വിളിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ആഗോള ടെണ്ടർ വിളിക്കാതെ സിംഗപ്പൂരിലേക്ക് റബ്ബർ കയറ്റുമതി ചെയ്തതിൽ കോടിക്കണക്കിനു രൂപയുടെ നഷ്ടം വന്നിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) ഗവൺമെന്റിന്റെ കീഴിലുള്ള ഒരു സ്ഥപനവും റബർ കയറ്റി അയച്ചിട്ടില്ല.

(ബി) റബർ കയറ്റുമതി ചെയ്ത വകയിൽ താഴെ പറയുന്ന ഏജൻസികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുള്ള തുകയുടെ വിവരം താഴെകൊടുക്കുന്നു. (ഇത് മുൻവർഷങ്ങളിൽ സംഭരിച്ചതിനുള്ളതു കൂടി ഉൾപ്പെടെയാണ്)

റബർ മാർക്കറ്റിംഗ് ഫെഡറേഷൻ – 213.44 ലക്ഷം രൂപ

റബ്കോ – 200 ലക്ഷം രൂപ

(സി) ഏജൻസികൾ ആഗോള ടെണ്ടർ വിളിച്ചതായി അറിയിച്ചിട്ടില്ല.

(ഡി) റബർ മാർക്കറ്റിംഗ് ഫെഡറേഷൻ സിംഗപ്പൂരിലേക്ക് റബർ കയറ്റുമതി ചെയ്തിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## കാർഷിക ഉല്പന്നങ്ങളുടെ ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പഠനം

777. ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാല എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പട്ടാമ്പി നെല്ല് ഗവേഷണകേന്ദ്രം ഈ അടുത്തകാലത്തായി ഏതെങ്കിലും പുതിയ നെൽവിത്തുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഉണ്ട്. പട്ടാംപി മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്ന് 55-ാം ഇനമായി രണ്ടായിരമാണ്ടിൽ പുറത്തിറക്കിയ നെല്ലിനമാണ് ഹർഷ. ഇത് ഒന്നാം വിളയിലെ പൊടി വിതയ്ക്ക് അനുയോജ്യമായ ഇനമാണ്. 105-110 ദിവസം വരെ മൂപ്പ്, ചുവന്ന അരി, ഹെക്ടറൊന്നിന് 4000-5000 കി.ഗ്രാം വൈക്കോൽ, കുലവാട്ടത്തിനെതിരെ പ്രതിരോധശേഷി, പാലക്കാട്-തൃശൂർ മേഖലകൾക്ക് അനുയോജ്യം എന്നിവ ഇതിന്റെ പ്രത്യേകകളാണ്. പി.ടി.ബി. 28*എം.210 എന്ന ക്രോസിൽ നിന്നും ഉരുത്തിരിച്ചെടുത്തതാണിത്.

കൾച്ചർ 210-25 എന്ന നെൽ വിത്തിനം (115 ദിവസം മൂപ്പ് ചുവന്ന അരി) ഫാം ട്രയലുകൾ കഴിഞ്ഞ് പുറത്തിറക്കാൻ തയ്യാറായി കഴിഞ്ഞിട്ടുണ്ട്. പാലക്കാടിന്റെ കിഴക്കൻ മേഖലകൾക്ക് അനുയോജ്യമായ ഐ.ഇ.ടി. 127305 എന്ന മുണ്ടകൻ കൃഷിയ്ക്ക് യോജിച്ച നെൽ വിത്തും പ്രകാശനത്തിന് തയ്യാറായി കഴിഞ്ഞിട്ടുണ്ട്.

## വംശനാശ ഭീഷണി നേരിടുന്ന വന്യജീവികൾ

778. ശ്രീ. എ.എൻ. രാജൻബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ.കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വംശനാശഭീഷണി നേരിടുന്ന ഏതെല്ലാം വന്യജീവികളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാം ജീവികളാണ് ഏറ്റവുമധികം ഭീഷണി നേരിടുന്നത് ;

(സി) ഇവയുടെ സംരക്ഷണത്തിന് സർക്കാർ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പുമന്ത്രി) :-**

(എ) കേരളത്തിൽ വംശനാശ ഭീഷണി നേരിടുന്ന വന്യജീവികളിൽ താഴെ ചേർക്കുന്നവ ഉൾപ്പെടുന്നതായി കണക്കാക്കപ്പെടുന്നു.

ആന, കടുവ, പുലി, കരിംകുരങ്ങ്, സിംഹവാലൻകുരങ്ങ്, കരടി, കൂരമാൻ, വരയാട്, നീലഗിരി മാർട്ടിൻ, നീർനായ, ഉറുംപുതീനി, മലയണ്ണാൻ, ചാമ്പൽ മലയണ്ണാൻ, ചീങ്കണ്ണി, ഉടുംപ്, കടലാമ്മ, മലംപാപ്, രാജവെംപാല, മലമുഴക്കി വേഴാംപൽ, പെരിഗ്രീൻ ഫാൽക്കൺ, സിലോൺ ഫ്രോഗ് മൗത്ത്, മയിൽ. എന്നാൽ വിശദവിവരങ്ങൾ ലഭ്യമല്ലാത്ത മറ്റ് ഒട്ടനവധി വന്യജീവികളും വംശനാശഭീഷണി നേരിടുന്നതായി കണക്കാക്കപ്പെടുന്നു.

(ബി) ആന, കടുവ, കരിംകുരങ്ങ്, സിംഹവാലൻ കുരങ്ങ്.

(സി) ഇവയുടെ സംരക്ഷണത്തിന് താഴെചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

(1) കടുവയുടേയും ആനകളുടേയും സംരക്ഷണത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് ടൈഗറും പ്രോജക്ട് എലിഫന്റും കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(2) ആനകളുടെ ആവാസവ്യവസ്ഥ സംരക്ഷണത്തിനും പരിപോഷണത്തിനും പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് നാല് എലിഫന്റ് റിസർവുകൾ സംസ്ഥാനത്ത് രൂപീകരിച്ചു.

(3) കരിംകുരങ്ങിന്റെയും സിംഹവാലൻ കുരങ്ങിന്റെ ആവാസവ്യവസ്ഥകൾ അടങ്ങുന്ന വന്യമൃഗസങ്കേതങ്ങൾ കാര്യക്ഷമമായി സംരക്ഷിച്ചു വരുന്നു.

(4) വന്യമൃഗസംരക്ഷണത്തിനായി വന്യമൃഗസങ്കേതങ്ങളിൽ പ്രത്യേക പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(5) വാർത്താവിനിമയ സൗകര്യങ്ങളും വാഹനങ്ങളും നൽകി സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിവരുന്നു.

(6) വന്യമൃഗ സംരക്ഷണ നിയമം കാര്യക്ഷമമായി നടപ്പിലാക്കി മൃഗവേട്ടയ്ക്കേതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു.

(7) കടവയുടെ സംരക്ഷണത്തിനായി പറംപികുളം, ചിന്നാർ, ഇരവികുളം, എന്നീ വന്യമൃഗ സങ്കേതങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു അന്തർ സംസ്ഥാന കടുവസംരക്ഷണ കേന്ദ്രത്തിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിനാവശ്യമായ ക്രമീകരണങ്ങൾ**

779. ശ്രീ. എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കൾക്ക് വിലക്കയറ്റം ഉണ്ടാവുന്നത് തടയുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉഫപ്പുവരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) ഇതിലേക്ക് സിവിൽസപ്ളൈസ് വകുപ്പുവഴി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) സിവിൽ സപ്ളൈസ് ചന്തകളും ഷോപ്പുകളും വഴി ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം സാധനങ്ങൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയനൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ കീഴിൽ 2-8-2002 മുതൽ 19 ദിവസക്കാലം കേരളത്തിലെ കോർപ്പറേഷൻ നഗരങ്ങളായ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ 5 ഓണം മെട്രോ ഫെയറുകളും 14-8-2002 മുതൽ 7 ദിവസം മറ്റ് 9 ജില്ലാകേന്ദ്രങ്ങളിൽ ജില്ലാ ഫെയറുകളും 16-8-2002 മുതൽ 5 ദിവസം 64 താലൂക്ക്/മുനിസിപ്പൽ കേന്ദ്രങ്ങളിൽ ഓണച്ചന്തകളും സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനു പുറമേ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റേഷൻകടകളിലൂടെയും സഹകരണ സംഘങ്ങളിലൂടെയും സർക്കാർ സബ്സിഡിയോടു കൂടി പലവ്യഞ്ജനങ്ങൾ വില്പന നടത്തുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

(സി) സിവിൽ സപ്ളൈസ് വകുപ്പുവഴി എല്ലാ റേഷൻകടകളിലും ഗുണനിലവാരമുള്ള റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ കാർഡുടമകൾക്കും ഓണം പ്രമാണിച്ച് 2 കിലോ പഞ്ചസാര സ്പെഷ്യൽ ആയി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ റേഷൻ പച്ചരി എല്ലാ കാർഡുടമകൾക്കും നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) സർക്കാർ സബ്സിഡിയോടുകൂടി വില കുറച്ചു വിൽക്കുന്നതിനാൽ ചില നിയന്ത്രണങ്ങൾക്കു വിധേയമായിട്ടായിരിക്കും സാധനങ്ങൾ വിതരണം ചെയ്യുക.

## എം.എൽ.എ.മാരുടെ വികസന ഫണ്ടിന്റെ വിനിയോഗം

780. ശ്രീ. എം.എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ വികസനഫണ്ടിന്റെ വിനിയോഗത്തെക്കുറിച്ച് അവലോകനം ചെയ്യാൻ ജില്ലാ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റിക്ക് രൂപം നൽകാൻ ത്യാറാകുമോ ;

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.മാർ ചെയർമാൻമാരായി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) & (ബി) 29-10-2001-ലെ ജി.ഒ.(പി) 1234/2001/ധന ആയി ഇറക്കിയ ഉത്തരവിൽ തന്നെ ഈ പദ്ധതിയുടെ മോണിറ്ററിംഗ് സംവിധാനത്തെ കുറിച്ച് നിഷ്കർഷിക്കുന്നുണ്ട്. ഓരോ എം.എൽ.എ.യും നേരിട്ട് ബോദ്ധ്യപ്പെട്ട് തെരഞ്ഞെടുക്കുന്ന ഇനങ്ങളാണ് ഈ പദ്ധതിയിൽ വരുന്നത്. സ്വാഭാവികമായും എം.എൽ.എ.യും ബന്ധപ്പെട്ട ഗുണഭോക്താക്കളും ഈ പദ്ധതിയുടെ പുരോഗതി നിരീക്ഷിച്ചു വരികയാണ്. ഭരണാനുമതി നൽകുക, പണം കൊടുക്കുക ഇവ ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ നടക്കുന്നു. ഈ സാഹചര്യത്തിൽ 29-10-2001-ലെ ഉത്തരവിൽ പറയുന്നതിന് ഉപരിയായി മറ്റൊരു മോണിറ്ററിംഗ് സംവിധാനത്തിന്റെ ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

## വനം വകുപ്പുമായി ബന്ധപ്പെട്ട വിനോദസഞ്ചാരം

781. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനായി വനംവകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് വനത്തെ അടിസ്ഥാനപ്പെടുത്തി വിനോദസഞ്ചാര വികസനത്തിന് പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തെ ഏതൊക്കെ വനപ്രദേശങ്ങളാണ് വിനോദസഞ്ചാരത്തിനായി അനുവദനീയമായിട്ടുള്ളത് ;

(ഡി) പ്രസ്തുത പ്രദേശങ്ങൾ സന്ദർശിക്കുന്നതിനുള്ള അനുമതി ആരിൽ നിന്നാണ് ലഭ്യമാക്കേണ്ടത് ;

(ഇ) അവിടെ സഞ്ചാരികൾക്ക് എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പുമന്ത്രി) :-**

(എ) വനമേഖലയ്ക്ക് അനുയോജ്യമായ ഇക്കോ ടൂറിസത്തിന് സംസ്ഥാനത്ത് 57 വനപ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 10 സ്ഥലങ്ങലിൽ പൈലററ് പദ്ധതികൾ എന്നനിലയിൽ ഇക്കോ ടൂറിസം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മേൽപരാമർശിച്ച സ്ഥലങ്ങളിൽ ഒന്നായ കോന്നി ഇക്കോ-ടൂറിസത്തിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ 12 വന്യ ജീവി സങ്കേതങ്ങളിലും രണ്ട് നാഷണൽ പാർക്കുകളിലും ഇപ്പോൾ തന്നെ വിനോദസഞ്ചാരം അനുവദിച്ചിട്ടുണ്ട്. ഇവ കൂടാതെ മറ്റു വനപ്രദേശങ്ങളിലും ധാരാളം സന്ദർശകർ എത്താറുണ്ട്. ഉദാഹരണത്തിന് പാലരുവി (കൊല്ലം ജില്ല) വാഴച്ചാൽ, ആതിരപ്പള്ളി (തൃശൂർ ജില്ല), തൊമ്മൻകുത്ത് (ഇടുക്കി ജില്ല) കുറുവ ദീപ് (വയനാട് ജില്ല) റാണിപുരം (കാസർഗോഡ്) തുടങ്ങിയവ.

(ഡി) അതാതു സ്ഥലത്തെ വൈൽഡ്ലൈഫ് വാർഡൻ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/റെയിഞ്ചാഫീസർ എന്നിവരിൽ നിന്നും അനുമതി വാങ്ങണ്ടതാണ്.

(ഇ) മിക്കവാറും എല്ലാ വന്യജീവി സങ്കേതങ്ങളിലും ഇന്റർപ്രട്ടേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ ബോട്ടിംഗിനുള്ള സൗകര്യങ്ങൾ ഉണ്ട്. കൂടാതെ ട്രക്കിംഗ്, വന്യമൃഗ നിരീക്ഷണം, പക്ഷി നിരീക്ഷണം എന്നിവയ്ക്കുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പല ഇടങ്ങളിലും സഞ്ചാരികൾക്ക് താമസ സൗകര്യങ്ങളും ലഭ്യമാണ്.

## സംസ്ഥാന ലോട്ടറി നവീകരിക്കാൻ നടപടി

782. ശ്രീ. എം.വി. ജയരാജൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എ.കെ. ബാലൻ :
ശ്രീ. വി.കെ.സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറി നവീകരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) 'സൂപ്പർ ലോട്ടോ ' ലോട്ടറി വ്യാപകമായതു കാരണം സംസ്ഥാന ഭാഗ്യക്കുറി പ്രതിസന്ധിയെ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ലോട്ടറി ഏജന്റുമാരുടെ എണ്ണം ഗണ്യമായി കുറയുന്നു എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഇ) ഈ മേഖലയിൽ തൊഴിലെടുക്കുന്നവരെ ഈ മേഖലയിൽത്തന്നെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) 2000–2001, 2001–2002 വർഷങ്ങളിൽ എത്ര രൂപയുടെ ലോട്ടറി ടിക്കറ്റ് വിൽപ്പന നടത്തിയിട്ടുണ്ടെന്നും സർക്കാരിന് എത്ര വരുമാനമുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) സംസ്ഥാന ലോട്ടറിയുടെ അനാകർഷകമായ സ്കീമുകൾ റദ്ദുചെയ്ത് പുതിയ സ്കീമുകൾ നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ ലോട്ടറി നടത്തുന്നതിന്റെ സാദ്ധ്യതകളെ വിശദമായി പരിശോധിച്ചുവരികയാണ്.

(ബി) ഇല്ല.

(സി) മേൽമറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഓൺലൈൻ ലോട്ടറി നടപ്പാക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) 2000–2001 വർഷത്തിൽ 133.38 കോടി രൂപയുടെ വരുമാനവും 26.80 കോടി രൂപയുടെ അറ്റാദായവും 2001–2002–ൽ 122.69 കോടി രൂപയുടെ വരുമാനവും 3.24 കോടി രൂപയുടെ അറ്റാദായവും ഉണ്ടായിട്ടുണ്ട്.

## കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രദർശന വിൽപ്പന ശാലകൾ

783. ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ളൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് ജില്ലകൾതോറും പ്രദർശന വിൽപ്പനശാലകളുണ്ടോ ;

(ബി) ഇല്ലാത്തപക്ഷം അവ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) വിശേഷ സന്ദർഭങ്ങളിൽ ബുക്ക് എകിബിഷൻ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) മറ്റു പ്രസിദ്ധീകരണശാലകളുമായി യോജിച്ച് എക്സ്ചേഞ്ച് അടിസ്ഥാനത്തിൽ പുസ്തകങ്ങൾ കൈമാറി വിൽപ്പന നടത്തുന്ന ഏർപ്പാട് സൊസൈറ്റിക്കുണ്ടോ ;

(ഇ) സർക്കാർ പ്രസിദ്ധീകരണങ്ങളുടെ വിൽപ്പന വ്യാപകമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ബുക്ക്മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയനൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) :-**

(എ) ഇല്ല. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് ഇപ്പോൾ വില്പന ശാലകളുള്ളത്.

(ബി) സാംപത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് മാത്രമേ മറ്റു ജില്ലകളിൽ ശാഖകൾ ആരംഭിക്കുന്നതിനേക്കുറിച്ച് ചിന്തിക്കാനാവുകയുള്ളു.

(സി) ഓണക്കാലത്ത് വിവിധ ജില്ലകളിൽ അക്ഷര സദ്യ എന്ന പേരിൽ കലാസാംസ്ക്കാരിക പരിപാടികളോടുകൂടി പുസ്തക മേള നടത്താൻ ഉദ്ദേശ്യമുണ്ട്.

(ഡി) ഇല്ല.

(ഇ) & (എഫ്) നടപ്പു സാംപത്തിക വർഷം പുസ്തക വില്പന ത്വരിതപ്പെടുത്തുന്നതിന് പുതിയ വില്പന കേന്ദ്രങ്ങൾ തുടങ്ങാനുള്ള ഉദ്ദേശ്യമുണ്ട്. നാഷണൽ ബുക്ക് ട്രസ്റ്റിന്റെ സഹകരണത്തോടെ ഒരു സഞ്ചരിക്കുന്ന പുസ്തകശാലയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

*************